ഫയൽ നം :............ തിയതി : 28/04/2017

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ:tcoffice.mvd@kerala.gov.in|വെബ്:www.mvd.kerala.gov.in|☎ 0471-2333317/37

**സർക്കുലർ നം. 11 /2017**

വിഷയം:- **മോട്ടോർ വാഹന വകുപ്പ് - ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM)- വഴി ഉപകരണങ്ങൾ / ഉൽപന്നങ്ങൾ വാങ്ങുന്നതിനുള്ള - മാർഗനിർദേശങ്ങൾ - ഉത്തരവ് - സംബന്ധിച്ച്**

സൂചന:- 1. സർക്കാർ ഉത്തരവ് നം. G.O (Rt) No. 247/2010/Trans തീയ്യതി. 24-06-2010
2. സർക്കാർ ഉത്തരവ് നം. G.O (Rt) No. 5580/2010/Fin തീയ്യതി. 17-07-2010
3. ഉത്തരവ് നം. M-IT4/28901/TC/2013 തീയ്യതി. 05-06-2014
4. സർക്കുലർ നം. 21/14
5. ഉത്തരവ് നം. M-IT4/3969/TC/2015 തീയ്യതി. 11-11-2015
6.ഓഫീസ് മെമോറാണ്ടം നം F.26/4/2016-PPD തീയ്യതി 03-05-2016, ഗവൺമെന്റ് ഓഫ് ഇന്ത്യ
7. ഓഫീസ് മെമോറാണ്ടം നം F.26/4/2016-PPD തീയ്യതി 20-08-2016, ഗവൺമെന്റ് ഓഫ് ഇന്ത്യ
8. ഓഫീസ് മെമോറാണ്ടം നം Reforms/Regn/Govt. Buyer/1/2016-GeM തീയ്യതി 09-12-2016, ഗവൺമെന്റ് ഓഫ് ഇന്ത്യ

സൂചന (1) പ്രകാരം, മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടറൈസ്ഡ് സേവനങ്ങൾക്ക് വേണ്ടി ഫാസ്റ്റ് പ്രൊജെക്റ്റിലേക്ക് വാങ്ങിയതും നിലവിൽ റിപ്പയർ ചെയ്യാനാകാത്ത ഉപകരണങ്ങൾ മാറ്റി, പകരം വാങ്ങുന്നതിലേക്കും ആയതിന്റെ ചെലവ് സർവ്വീസ് ചാർജിൽ നിന്നും വഹിക്കുന്നതിനുമുള്ള ഭരണാനുമതി എല്ലാ ആർ ടി ഓ മാർക്കും സർക്കാർ നൽകിയിട്ടുണ്ട്. ഇത്

പ്രകാരം ഉപകരണം ഉപയോഗശൂന്യമാണ് എന്ന് അംഗീകൃത സർവ്വീസ് സെന്റർ / എൻ ഐ സി സാക്ഷ്യപ്പെടുത്തി ആയതിനുള്ള സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം DGS&D Rate / Tender Process -ൽ കൂടി പുതിയവ വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

സൂചന (2) പ്രകാരം, എല്ലാ ആർ ടി ഓ മാർക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ മേൽ പറഞ്ഞ ആവശ്യങ്ങൾക്കായി സർവ്വീസ് ചാർജ്ജ് ഉപയോഗിക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സൂചന (3) പ്രകാരം, ഐ.സി.ടി / ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും / നീക്കം ചെയ്യുന്നതിനും വേണ്ടി ഡിപ്പാർട്ട്മെന്റൽ കമ്മിറ്റി / സെക്ഷൻ രൂപീകരിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

സൂചന (4) പ്രകാരം, ഫാസ്റ്റ് പ്രൊജെക്റ്റിലേക്ക് വാങ്ങുന്ന പുതിയ ഉപകരണങ്ങൾ ഇ-ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റത്തിലും (e-FMS)/ അസെറ്റ് രജിസ്റ്ററിലും ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സൂചന (5) പ്രകാരം, ഇ-ഗവേണൻസ് പ്രൊജെക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും / മേൽ നോട്ടം വഹിക്കുന്നതിനായി വെർച്ച്വൽ ഐ.റ്റി കേഡർ രൂപീകരിച്ചിട്ടുണ്ട്.

കേരളാ ഫിനാൻഷ്യൽ കോഡ്, അധ്യായം 6, ഖണ്ഡിക (9) - ൽ "Rate & Running contracts" -നെ നിർവചിച്ചിട്ടുണ്ട്. ഇത് പ്രകാരം Rate contract മുഖാന്തരം വാങ്ങുന്നതിന് പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ല. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ധനകാര്യ നിയമ പ്രകാരം (General Financial Rules 2017) Government e-Marketplace (GeM) എന്ന ഓൺലൈൻ അധിഷ്ഠിത വാണിജ്യ സംവിധാനം കൊണ്ട് വരുകയയും GeM-ൽ ഉൾപ്പെടുത്താത്ത വസ്തുക്കൾക്ക് Rate Contract വരിക എന്ന് പുനർ

നിർവചിക്കുകയും ചെയ്തിട്ടുണ്ട്.

ഈ മാറ്റങ്ങൾക്ക് അനുസൃതമായി മോട്ടോർ വാഹന വകുപ്പിനാവശ്യമുള്ള വസ്തുക്കൾക്ക് Rate contract / GeM എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് സൂചന (7) പ്രകാരം നിലവിൽ വന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങാവുന്നതാണ്.

സൂചന (6) പ്രകാരം, ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽ (DGS&D) ഉപകരണങ്ങൾ ഓൺ ലൈനായിട്ട് വാങ്ങുന്നതിന് ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (Government e-Market Place - GeM) എന്ന പേരിൽ ഒരു വെബ് പോർട്ടൽ (www.gem.gov.in) ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സർക്കാർ വകുപ്പുകൾക്ക് ആവശ്യമായ ഉൽപന്നങ്ങൾ ഓൺലൈനായിട്ട് വാങ്ങിക്കുവാൻ സൗകര്യമൊരുക്കിയിട്ടുണ്ട്.

സൂചന (7) പ്രകാരം, ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് മുഖേന ഉപകരണങ്ങൾ ഓൺലൈനായി വാങ്ങുന്നതിനും പണം നൽകുന്നതിനും പാലിക്കേണ്ട നടപടി ക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഇത് പ്രകാരം അനുമതി ഉത്തരവ് / പർച്ചേസ് ഓർഡർ എന്നിവ ഡിജിറ്റലി / ഇ-സൈനോട് കൂടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകേണ്ടതാണ്.

സൂചന ( 8 ) പ്രകാരം, ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ്-ലൂടെ ഉപകരണങ്ങൾ ഓൺലൈനായി വാങ്ങുന്നതിന് വേണ്ടി രജിസ്ട്രേഷൻ നടപടികളുടെ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) സംബന്ധിച്ചുള്ള പ്രാഥമിക ചുമതലകൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) സംവിധാനം വഴി സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് ഉപകരണങ്ങൾ വാങ്ങുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ടും, ചുമതലകളും, ഉത്തരവാദിത്തങ്ങളും നിർവ്വഹിച്ചു കൊണ്ടും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | ഔദ്യോഗിക പദവി | ചുമതലകൾ / ഉത്തരവാദിത്തങ്ങൾ |
|---|---|---|
| 1. | സീനിയർ ഫിനാൻസ് ഓഫീസർ | പ്രാഥമിക ചുമതലയുള്ള ഉദ്യോഗസ്ഥന്റെ /ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്റ്റ്രേഷൻ സംബന്ധിച്ചുള്ള വെരിഫിക്കേഷൻ / ആധികാരികത ഉറപ്പാക്കുന്നതിനുള്ള ചുമതല. |
| 2. | ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ | ബന്ധപ്പെട്ട ഡി.റ്റി .സി ഓഫീസിലേക്കുള്ള ഉപകരണങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിനുള്ള ചുമതല. |
| 3. | അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ | ◦ മോട്ടോർ വാഹന വകുപ്പിൽ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) നടപ്പിലാക്കുന്നതിനുള്ള **നോഡൽ ഓഫീസറുടെ** പൂർണ്ണ ചുമതല.<br>◦ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്കുള്ള ഉപകരണങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിന്റെ (സർവ്വീസ് ചാർജിൽ / സർക്കാർ ഫണ്ടിൽ (പദ്ധതി / പദ്ധതിയിതര) ചുമതല. |
| 4. | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ | ബന്ധപ്പെട്ട ആർ ടി ഓഫീസ്/ അധികാര പരിധിക്ക് കീഴിലുള്ള സബ് ആർ ടി ഓഫീസ്, ചെക്ക് പോസ്റ്റുകൾ എന്നിവയ്ക്ക് ഉപകരണങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിന്റെ (സർവ്വീസ് ചാർജിൽ / സർക്കാർ ഫണ്ടിൽ (പദ്ധതി / പദ്ധതിയിതര) ചുമതല. |
| 5. | ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർമാർ | ബന്ധപ്പെട്ട ഡി.റ്റി.സി ഓഫീസ്/ ആർ ടി ഓഫീസ്/ അധികാര പരിധിക്ക് കീഴിലുള്ള സബ് ആർ ടി ഓഫീസ്, ചെക്ക് പോസ്റ്റുകൾ എന്നിവയ്ക്ക് ഉപകരണങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിനുള്ള പേയ്മെന്റ് അതോറിറ്റിയുടെ ചുമതല. |
| 6. | അക്കൗണ്ട്സ് ഓഫീസർ (ജനറൽ) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേക്കുള്ള ഉപകരണങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിനുള്ള പേയ്മെന്റ് അതോറിറ്റിയുടെ ചുമതല. |
| 7. | വെർച്ച്വൽ ഐ.റ്റി കേഡർ -ൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ | ബന്ധപ്പെട്ട ഓഫീസിലെ പർച്ചേസിങ്ങ് ഉദ്യോഗസ്ഥർക്ക് ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) വെബ് പോർട്ടൽ വഴി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക. |

- ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) വെബ് പോർട്ടൽ ലോഗിൻ ഐഡി ലഭിക്കുന്നതിനായി ഹെഡ് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ താഴെ പറയുന്നവ നൽകേണ്ടതും പാലിക്കേണ്ടതുമാണ്.

(i) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ആധാർ -ന്റെ കോപ്പി
(ii) ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗ പേര്, സ്പാർക് പെർമെനന്റ് എംപ്ലോയി നമ്പർ (PEN), ഇ-മെയിൽ (ഔദ്യോഗികം), മൊബൈൽ നമ്പർ (ഔദ്യോഗികം) നൽകേണ്ടതാണ്.

- രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഔദ്യോഗിക മൊബൈൽ നമ്പറിൽ യൂസർ ഐഡിയും പാസ്സ് വേഡും ലഭിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവർക്ക് ലഭിക്കുന്ന ലോഗിൻ ഐ ഡി / പാസ് വേഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും കൈമാറാൻ പാടില്ലാത്തതുമാണ്. ഇവയുടെ സുരക്ഷിതത്വം സംബന്ധിച്ച ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മാത്രമായിരിക്കും.ലോഗിൻ ഐ ഡി / പാസ് വേഡ് എന്നിവ ഉപയോഗിച്ച് ഏതെങ്കിലും തരത്തിലുള്ള ദുരുപയോഗം നടന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

- ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) വെബ് പോർട്ടൽ ലഭ്യമായിട്ടുള്ള യുസർ മാനുവൽ / മാർഗനിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

- ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) സംബന്ധമായ സഹായം ലഭിക്കുന്നതിനായി 011-43505211 / 011- 43505213 ഹെൽപ്പ് ലൈൻ ഫോൺ നമ്പറിലോ, helpdesk-gem@gov.in എന്ന ഇ-മെയിൽ ഐ ഡി യിലോ ബന്ധപ്പെടാവുന്നതാണ്.

- GeM-ൽ ഉൾപ്പെടാത്തതും, Rate Contract നിലവിലില്ലാത്ത വസ്തുക്കൾ Keral Financial Code (KFC), Store Purchase Manual എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ്.

- ഡി.റ്റി.സി മാർ/ ആർ ടി ഓ മാർ/ അസിസ്റ്റന്റ് ട്രാൻസ്പോർട്ട്

കമ്മീഷണർ ബന്ധപ്പെട്ട ഡി റ്റി സി ഓഫീസ്/ ആർ ടി ഓഫീസ്/ അധികാര പരിധിക്ക് കീഴിലുള്ള സബ് ആർ ടി ഓഫീസ്, ചെക്ക് പോസ്റ്റുകൾ/ ഹെഡ് ഓഫീസ് എന്നിവയ്ക്ക് കൂടുതലായി ഐ.സി.ടി / മറ്റ് ഉൽപന്നങ്ങൾ വാങ്ങുന്നതിനായി സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തവക്ക് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഭരണാനുമതി നിർബന്ധമായിട്ടും വാങ്ങേണ്ടതാണ്.

- ഡി.റ്റി.സി മാർ/ ആർ ടി ഓ മാർ/ അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ തുടങ്ങിയവർ ഐ.സി.ടി / മറ്റ് ഉൽപന്നങ്ങൾ വാങ്ങുന്നത് തങ്ങളുടെ സാമ്പത്തികാധികാര പ്രത്യായോജനത്തിന്റെ (delegation of financial powers) പരിധി കർശനമായി പാലിച്ചു കൊണ്ടാവണം.

Signature Not Verified

Digitally signed by AANANTHAKRISHNAN S
Date: 2017.04.28 18:13:35 IST
Reason: Approved

S AANANTHAKRISHNAN
TRANSPORT COMMISSIONER

| | |
|---|---|
| സ്വീകർത്താവ് | എല്ലാ ഡിറ്റിസി മാരും, ആർ ടി ഓ മാരും, ജോയിന്റ് ആർ ടി ഓ മാരും |

പകർപ്പ്

1. ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.
2. അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).
3. എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും (ചെക്ക്പോസ്റ്റിന്റെ ചുമതലയുള്ളവർ)
4. നോഡൽ ഓഫീസർ /സിസ്റ്റം സൂപ്പർ വൈസർ.
5. എം 1 /എം 2 / എം 3 സെക്ഷൻ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് തുടർ നടപടികൾക്കായി.
6. എസ്. എസ് ജി 2 സെക്ഷൻ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധികരിക്കുന്നതിനായി)